1. ചുങ്കത്തറ പഞ്ചായത്തിൽ കൈപ്പിനിക്കടവിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ്.

2. പോത്തുങ്കൽ പഞ്ചായത്തിൽ തലപ്പാലിയിൽ ഒരു ഡൈവേർഷൻ വിയർ.

3. പനംകയം കടവിൽ ഒരു റഗുലേറ്റർ കം ബ്രിഡ്ജ്.

4. ചാലിയാർപ്പുഴയുടെ പോഷക നദികളിൽ ആറ് ചെറുകിട പദ്ധതികൾ സാദ്ധ്യമാണെന്ന് പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

5. കൂട്ടപ്പാടിയിൽ ഒരു റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുവാനുള്ള നടപടികൾ എടുത്തെങ്കിലും പദ്ധതി പ്രായോഗികമല്ലെന്ന് കണ്ടെത്തിയതുകൊണ്ട് നിർത്തിവെച്ചു.

(ബി) 22-1-2001-ൽ സർക്കാരിന് സമർപ്പിച്ച 489 കോടി രൂപയുടെ ചാലിയാർ പദ്ധതിക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ലാഭച്ചെലവ് അനുപാതം (ബി.സി.റേഷ്യോ) 1:34 ആയിരുന്നു. ഒരു ജലസേചന പദ്ധതിക്കു വേണ്ട ഏറ്റവും കുറഞ്ഞ ലാഭച്ചെലവ് അനുപാതം 1:50 ആണ്. ലാഭച്ചെലവ് അനുപാതത്തിന്റെ കുറവും വനഭൂമി വെള്ളത്തിനടിയിലാകുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകളുമാണ് വൻകിട ജലസേചന പദ്ധതിയുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ കാരണം.

(സി) ചാലിയാർ പുഴയിലെ ചെറുകിട പദ്ധതികളിലൊന്നായ തലപ്പാലിയിലെ ഡൈവേർഷൻ വിയറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. മറ്റ് പദ്ധതികളായ കൈപ്പനിക്കടവിലെയും പനംകയം കടവിലെയും റെഗുലേറ്റർ കം ബ്രിഡ്ജുകൾ ചാലിയാർ പുഴയുടെ പോഷകനദികളിലെ മൂലപ്പാടം, വെട്ടിക്കല്ല്, നെല്ലിക്കുന്ന്, പൂവത്തിക്കൽ, മണിമോളി, വെള്ളിക്കോട് എന്നീ സ്ഥലങ്ങളിലെ ഡൈവേർഷൻ വിയറുകൾ എന്നിവയുടെ പര്യവേഷണ ജോലികൾ പൂർത്തിയായി വരികയാണ്.

(ഡി) നിലവിലുള്ള മഞ്ചേരി ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ, അതിനു കീഴിലുള്ള സബ്ഡിവിഷനുകളും, സെക്ഷനും തന്നെ ഈ പര്യവേഷണത്തിന് ഇപ്പോഴത്തെ നിലയിൽ പര്യാപ്തമാണ്.

ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചാലക്കുടി നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുള്ള വിവിധ പദ്ധതികളുടെ പുരോഗതി

70 (962) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊങ്ങം ലിഫ്റ്റ് ഇറിഗേഷൻ, കുലയിടം ലിഫ്റ്റ് ഇറിഗേഷൻ, പിലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ കല്ലൂർ വടക്കുംമുറി, ശുദ്ധജലവിതരണ പദ്ധതി,

LIBRARY ARCHIVES Kerala Legislative Assembly

കുട്ടപ്പുഴ തടയണ നിർമ്മാണം ഇടുക്കി ചാലക്കുടി നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പേടേണ്ട വിവിധ പദ്ധതികളുടെ കഴിഞ്ഞ 8 വർഷങ്ങളിലെ പുരോഗതി എന്താണെന്ന് വെവ്വേറെ വ്യക്തമാക്കാമോ ;

(ബി) ഇവയ്ക്കൊന്നും യാതൊരു പുരോഗതിയും ഇല്ലെങ്കിൽ ഈ അനിശ്ചിതാവസ്ഥയുടെ കാരണങ്ങൾ വിവരിക്കാമോ ?

ഉത്തരം

(എ&ബി)

1. പൊങ്ങം ലിഫ്റ്റ് ഇറിഗേഷൻ

ടി പദ്ധതി സാമൂഹ്യ ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഏറ്റെടുത്തത്. ഇതിന്റെ സിവിൽ പണികൾ 28-3-1987-ൽ ആരംഭിച്ച് 13-6-2008-ൽ അവസാനിച്ചു. ടി പദ്ധതിയ്ക്കുള്ള മോട്ടോർ സ്ഥാപിക്കുന്ന പണി 1988-ൽ നടത്തുകയും വൈദ്യുതി കണക്ഷൻ 1990-ൽ ലഭിക്കുകയും ചെയ്തു. ഇതിന്റെ ട്രയൽ നടത്തിയപ്പോൾ പി. വി. സി. പൈപ്പുകൾ പൊട്ടുകയും ആയത് കർഷക സമിതി അവരുടെ സ്വന്തം ചെലവിൽ ശരിയാക്കുകയും വീണ്ടും പമ്പിംഗ് ആരംഭിച്ചപ്പോൾ ചോർച്ച കണ്ടതിനാൽ പമ്പിംഗ് നിർത്തലാക്കുകയും ചെയ്തു. ചീഫ് എഞ്ചിനീയർ (ഐ. ഡി. ആർഡി) യും ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) 5-4-1991-ൽ ഒരു സംയുക്ത പരിശോധന നടത്തുകയും ഇതിന്റെ കുറവുകൾ പരിഹരിക്കുന്നതിന് വിശദമായ പഠനം നടത്തി പൊട്ടിയ പൈപ്പുകൾ മാറ്റി ഇടുന്നതിനായി പുതുക്കിയ പദ്ധതിയിലുള്ള 7.90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ ഉത്തരവ് ജി.ഒ. (ആർ. റ്റി.) നം. 1371/99, തീയതി 4-11-1999 പ്രകാരം അനുമതി നൽകുകയും ഉണ്ടായി. എന്നാൽ ഇതിനു മുമ്പു തന്നെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 207.000 രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും പണി പൂർത്തീകരിക്കുകയും ചെയ്തു.

2. കുലയിടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി : ടി പദ്ധതിയ്ക്ക് 20. 50 രൂപയ്ക്കുള്ള ഭരണാനുമതി 7-3-1995-ൽ ജി. ഒ. (ആർ.ടി.) നം. 253/95/ഐആർടി. പ്രകാരം അത്രതന്നെ തുകയ്ക്കുള്ള സാങ്കേതികാനുമതി 5-2-1996-ൽ റ്റി.എസ്.നം.10/എസ്ഇ എംഐസിസി/ഇകെഎം/95 പ്രകാരവും നൽകി. ടെണ്ടർ നടത്തി 27-9-1996-ൽ പണി ആരംഭിച്ചു. ടി സ്കീമിനുവേണ്ടി കൊരട്ടിയിൽ നിന്നും പമ്പ് ചെയ്യേണ്ടതായിരുന്നു. എന്നാൽ നാട്ടുകാർ ചാലക്കുടി പുഴയിൽ നിന്നും പമ്പ് ചെയ്യണമെന്നാവശ്യപ്പെട്ടതിനാൽ പണി നിർത്തി വയ്ക്കുകയും കോൺട്രാക്ടറെ റിസ്ക് ആന്റ്

LIBRARY ARCHIVES Kerala Legislative Assembly

കോസ്റ്റ് കൂടാതെ 24-7-1961-ൽ പണിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു .1999-ലെ ഷെഡ്യൂൾ റേറ്റ് പ്രകാരമുള്ള 95 ലക്ഷം രൂപയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് നബാർഡ് RIDF VIII-ൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്ന സ്കീമും സ്ക്രീനിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല.

3. പിലാർമൂഴി ആർ. ഐ. പദ്ധതി : ടി പദ്ധതിക്ക് 6-4-1994-ൽ ജി.ഒ. (ആർ.റ്റി.) നം.406/94/ഐആർഡി പ്രകാരം 64 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും 31-8-1995-ൽ അത്ര തന്നെ തുകയ്ക്കുള്ള സാങ്കേതികാനുമതിയും നൽകി. 24-1-1996-ൽ സിവിൽ പണികളുടെ ടെണ്ടർ വിളിയ്ക്കുകയും ചെയ്തു. കരാറുകാർ ഉയർന്ന നിരക്കിലുള്ള ടെണ്ടർ ആയതിനാലും അപ്പോൾ പുതിയ ഷെഡ്യൂൾ നിരക്ക് നിലവിൽ വന്നതിനാലും പ്രസ്തുത ടെണ്ടർ ഒഴിവാക്കുകയും എസ്റ്റിമേറ്റ് പുതുക്കി നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തു. 1999-ലെ ഷെഡ്യൂൾ റേറ്റ് പ്രകാരമുള്ള 120 ലക്ഷം രൂപയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് നബാർഡ് ആർ.ഐ.ബി.എസ്. VIII-ൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നെങ്കിലും സ്ക്രീനിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല.

4. ചാലക്കുടി മുൻസിപ്പാലിറ്റിയിൽ കുട്ടപ്പുഴ പമ്പ് ഹൗസിന് താഴെ ചെക്കുഡാം : (ആറാട്ടുപ്പുഴക്കടവ്) ചാലക്കുടിപ്പുഴയിൽ ഒരു പൊതു ഡാം നിർമ്മിക്കുന്നതിനുവേണ്ടി 43 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും 36.5 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയും 21-12-1995-ൽ പണി ആരംഭിക്കുകയും ചെയ്തു. ഏകദേശം 50%ത്തോളം പണി പൂർത്തിയായപ്പോൾ കരാറുകാരൻ 1996 മേയ് മാസത്തിൽ പണി നിർത്തിവച്ചു. ടി പണി പൂർത്തീകരിക്കുന്നതിനു വേണ്ടി 5-8-2002-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ, എറണാകുളം പ്രസ്തുത പണി റിസ്ക് ആന്റ് കോസ്റ്റിൽ റദ്ദാക്കി. എന്നാൽ 9-6-2003-ൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) പുനരവലോകനയോഗം വിളിച്ചു കൂട്ടുകയും റിസ്ക് ആന്റ് കോസ്റ്റിൽ കരാർ റദ്ദാക്കിയത് പിൻവലിക്കാനും ചില നിബന്ധനകൾക്ക് വിധേയമായി ആ കരാറുകാരനെകൊണ്ട് തന്നെ ബാക്കിയുള്ള പണികൾ പെട്ടെന്ന് ചെയ്തു തിർക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

5. കല്ലൂർ വടക്കുംമുറി ശുദ്ധജല വിതരണ പദ്ധതി : ടി പദ്ധതിക്ക് 1987-ൽ 22.67 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതിയും ഭരണാനുമതിയും നൽകി. 5/1987-ൽ പദ്ധതിയുടെ പണികൾ ആരംഭിച്ചു. 3/1992-ൽ 74 ലക്ഷം രൂപയ്ക്ക് റിവൈസ്ഡ് ഭരണാനുമതി നൽകുകയുണ്ടായി. ടി പദ്ധതിയുടെ ഇൻടേക്കെൽ, ഒ. എച്ച്. ടാങ്ക്, പമ്പിങ്, മെയിൻ വിതരണ ശൃംഖല എന്നിവയുടെ പണികൾ പൂർത്തീകരിച്ച് 12/1995 മുതൽ ഭാഗികമായി ശുദ്ധജല

LIBRARY ARCHIVES Kerala Legislative Assembly

വിതരണം നടത്തിവരുന്നു. 0.9 എം. എൽ. ഡി. സ്ലോ സാൻഡ് ഫിൽറ്റർ പ്ലാന്റ് പണിയുന്നതിന് ലഭിച്ച സ്ഥലത്തിന്റെ കുറവുമൂലം തൽസമയത്ത് പണി നടത്തുവാൻ സാധിച്ചില്ല. ഈ വർക്കിനായി മൂന്നു തവണ ടെണ്ടർ വിളിച്ചുവെങ്കിലും കോട്ട് ചെയ്ത റേറ്റുകൾ കൂടുതലായതിനാൽ ചീഫ് എഞ്ചിനീയറുടെ (നോർത്തേൺ റീജിയൺ) നിർദ്ദേശ പ്രകാരം നെഗോഷിയേറ്റഡ് ടെണ്ടർ വിളിയ്ക്കുകയും മാനേജിംഗ് ഡയറക്ടർ 28-8-2001-ൽ അംഗീകാരം നൽകുകയും ഉണ്ടായി. പ്ലാന്റിന്റെ പണി 2/2003-ൽ ആരംഭിയ്ക്കുകയും 65%ത്തോളം പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പണികൾ ദ്രുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

മൂന്നാംകടവ് ജലസേചന പദ്ധതി

71 (963) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഒരു ജലസേചന പദ്ധതിപോലും നിലവില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മൂന്നാംകടവ് ജലസേചന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ, മേൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ സാമ്പത്തിക വർഷം ഇൻവെസ്റ്റിഗേഷനുവേണ്ടി 45 ലക്ഷം രൂപ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തികൊണ്ട് വിശദമായ സർവ്വേകളും മറ്റു പ്രവർത്തനങ്ങളും നിർവ്വഹിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ചാലിയാർ ജലസേചന പദ്ധതിയ്ക്ക് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാൻ നടപടി

72 (964) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയ ചാലിയാർ ജലസേചന പദ്ധതിയ്ക്ക് വനം വകുപ്പിന്റെ തടസ്സം ഉള്ളതിനാൽ പോത്ത്കല്ല് മുതൽ ചാലിയാർ പുഴയ്ക്ക് നാലോ അഞ്ചോ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly